## കാറ്റഗറി നമ്പർ : 128/2022

## എട്ടാം എൻ.സി.എ. വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗം വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനിലൂടെ 'ഒറ്റത്തവണ രജിസ്ട്രേഷൻ' വഴി അപേക്ഷകൾ ക്ഷണിക്കുന്നു.

1 **വകുപ്പ്** – **കോളേജ് വിദ്യാഭ്യാസ വകുപ്പ്**

2 **ഉദ്യോഗപ്പേര്** – **അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാത്തമാറ്റിക്സ്**

3 **ശമ്പളം** – **യു.ജി.സി. നിരക്ക്**

4 **ഒഴിവുകളുടെ എണ്ണം** – **എൻ.സി.എ പട്ടികവർഗ്ഗം (എസ്.ടി) – 1 (ഒന്ന്)**

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.05.2010 (ഗസറ്റ് തീയതി: 12.12.2007, കാറ്റഗറി നമ്പർ: 475/2007) തീയ്യതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ NCA റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മൂന്ന് വർഷം വരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ചുവടെ ചേർത്തിരിക്കുന്ന എൻ.സി.എ വിജ്ഞാപനങ്ങൾ പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള എട്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

| വിജ്ഞാപനം | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|
| ഒന്നാം എൻ.സി.എ | 494/2010 | 31.12.2010 |
| രണ്ടാം എൻ.സി.എ | 388/2012 | 16.07.2012 |
| മൂന്നാം എൻ.സി.എ | 596/2014 | 26.12.2014 |
| നാലാം എൻ.സി.എ | 205/2016 | 26.07.2016 |
| അഞ്ചാം എൻ.സി.എ | 158/2017 | 30.05.2017 |
| ആറാം എൻ.സി.എ | 076/2019 | 29.05.2019 |
| ഏഴാം എൻ.സി.എ | 310/2020 | 30.11.2020 |

5. **നിയമന രീതി** : **നേരിട്ടുള്ള നിയമനം** [പട്ടികവർഗ്ഗ (എസ്.ടി) വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം. എന്നാൽ പട്ടികവർഗ്ഗകാരുടെ അഭാവത്തിൽ

പട്ടികജാതിക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്]

**കുറിപ്പ്** : മേൽപ്പറഞ്ഞ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി**

**22-45.** ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ-പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ)[പ്രായപരിധി സംബന്ധിച്ച നിബന്ധനകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i) ഒഴികെ)].

**7. യോഗ്യതകൾ**

: 1).അൻപത് ശതമാനം (50%) മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2). യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

കുറിപ്പ് :

i) തസ്തികയിലേക്ക് നിഷകർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അപേക്ഷകർ നേടിയിട്ടുള്ള പി.എച്ച്.ഡി/എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നീ നോൺ ക്വാളിഫയിങ് ഡിഗ്രികൾക്ക് അധിക മാർക്ക് നൽകുന്നതാണ്. റാങ്കിങ്ങിനായി നോൺ ക്വാളിഫയിങ് യോഗ്യതകൾക്ക് അധിക മാർക്ക് നൽകുന്നത് താഴെ പറയുന്ന രീതിയിലായിരിക്കും.

നോൺ ക്വാളിഫയിങ് എം.ഫിൽ – 2 മാർക്ക്
നോൺ ക്വാളിഫയിങ് പി.എച്ച്.ഡി – 4 മാർക്ക്
എം.ഫിൽ & പി.എച്ച്.ഡി (നോൺ ക്വാളിഫയിങ്) – 5 മാർക്ക്
പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് –2 മാർക്ക്

ii) നോൺ ക്വാളിഫയിങ് യോഗ്യതകൾ എന്നർത്ഥമാക്കുന്നത് ഈ തസ്തികയ്ക്ക് അവശ്യം വേണ്ടുന്ന യോഗ്യതകളായി നിഷകർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് ഉപരിയായി കരസ്ഥമാക്കിയിട്ടുള്ള അധിക യോഗ്യതകളെയാണ്. അടിസ്ഥാന യോഗ്യതയായി

പി.എച്ച്.ഡി/എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവ പരിഗണിക്കപ്പെടുകയാണെങ്കിൽ ആയതിന് അധികമാർക്ക് അനുവദിക്കുകയില്ല.

iii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)

iv) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

v) ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്തു ഹാജരാക്കേണ്ടതാണ്.

vi) വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടില്ലാത്ത തത്തുല്യയോഗ്യതകൾ അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രസ്തുത യോഗ്യതകൾ തത്തുല്യമാണെന്നു തെളിയിക്കുന്ന പ്രസക്തമായ സർക്കാർ ഉത്തരവ്/തത്തുല്യതാ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യതകൾ തത്തുല്യമായി സ്വീകരിക്കുകയുള്ളൂ.

vii) KS & SSR Part II Rule 10 (a) (ii) ബാധകം.

## 8 അപേക്ഷ സമർപ്പിക്കേണ്ട രീതി

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-ന് ശേഷം എടുത്തതായിരിക്കണം. 01.01.2022 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് ആണ് പ്രൊഫൈലിൽ അപലോഡ് ചെയ്യേണ്ടത്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത

വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നല്കുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of Procedure, Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി ) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9 **അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 01.06.2022 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

10 **അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് : www.keralapsc.gov.in**

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് – 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക )

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**